1. **ആമുഖം**

**കിഴക്കമ്പലം സെന്റ് ആന്റണീസ് എൽ. പി സ്കൂളിന്റെ " അക്കാദമിക മാസ്റ്റർ പ്ലാൻ " 2025- 26 അധ്യയന വർഷത്തിലെ വിദ്യാലയ പ്രവർത്തനങ്ങളുടെ സമഗ്രമായ രൂപരേഖയാണ്. സ്കൂളിന്റെ കാഴ്ചപ്പാട് , ലക്ഷ്യങ്ങൾ, വിവിധ പാഠ്യ-പാഠ്യേതര മേഖലകളിലെ പ്രവർത്തനപദ്ധതികളുടെ രൂപരേഖയാണ്. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ആത്യന്തികമായി രൂപപ്പെടുത്തിയിരിക്കുന്നത്. സജീവമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ പി.റ്റി. എ , എം. പി. റ്റി. എ , എസ്. ആർ.ജി, എസ്. എസ്. ജി. സമിതികളുടെ പിന്തുണയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സഹകരണവും ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ വിദ്യാലയത്തിന് സഹായമാവുന്ന**

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : സെന്റ് ആന്റണീസ് എൽ. പി സ്കൂൾ കിഴക്കമ്പലം |
| മേൽവിലാസം | : കിഴക്കമ്പലം<br>കിഴക്കമ്പലം പി.ഒ<br>683562 |
| സ്കൂൾ കോഡ് | : 25622 |
| വിദ്യാഭ്യാസ ഉപജില്ല | : കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ബി .ആർ.സി | : കോലഞ്ചേരി |
| ഗ്രാമപഞ്ചായത്ത് | : കിഴക്കമ്പലം |
| ബ്ലോക്ക് പഞ്ചായത്ത് | വാഴക്കുളം |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാ മണ്ഡലം | : കുന്നത്തുനാട് |
| ലോകസഭാ മണ്ഡലം | : ചാലക്കുടി |
| താലൂക്ക് | :കുന്നത്തുനാട് |
| വില്ലേജ് | : കിഴക്കമ്പലം |
| ഇ-മെയിൽ വിലാസം | : sttantonys398@gmail.com |
| ഫേസ്ബുക്ക് | :St Antonis LPS Kizhakambalam |
| ഇൻസ്റ്റഗ്രാം | : st_antonys_lps |

Edit with WPS Office

# വിദ്യാലയം - ചരിത്രവും പശ്ചാത്തലവും

1921-ൽ കിഴക്കമ്പലത്തെ ഏക വിദ്യാഭ്യാസ സ്ഥാപനം ഒരു ഗവ.എൽ.പി.സ്ക്കൂൾ മാത്രമായിരുന്നു. നമ്മുടെ കുട്ടികളുടെ ആദ്ധ്യാത്മീകവും ഭൗതികവുമായ ഉന്നമനത്തിന് അതു മതിയാകില്ല എന്നു ബോദ്ധ്യപ്പെട്ടതിനാൽ അന്നത്തെ വികാരി ബഹു.മണിയങ്കോട്ട് വർഗ്ഗീസ് അച്ചൻ ഇവിടെ ഒരു സ്ക്കൂൾ സ്ഥാപിക്കാൻ തീരുമാനിച്ചു. അതിന്റെ ഫലമായ് മൂന്നാം ക്ലാസ്സ് വരെയുള്ള അംഗീകാരമില്ലാത്ത ഒരു പള്ളിക്കൂടം ഇവിടെ ആരംഭിച്ചു. ഏതാനും വർഷങ്ങൾ കഴിഞ്ഞ് അതിന് അംഗീകാരവും ലഭിച്ചു. പിന്നീട് മാനേജരായി സേവനമനുഷ്ഠിച്ച ബഹു. അന്തോനിയച്ചന്റെ പരിശ്രമഫലമായാണ് സ്ക്കൂളിന് ഗ്രാന്റനുവദിക്കുകയും പരീക്ഷാ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തത് . പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ.വി.പപ്പു പിള്ളയും സഹ അദ്ധ്യപകർ സി.ഗോവിന്ദൻ ഇളയത്.കെ.എൻ.കുഞ്ചുനായർ , റ്റി.എ നാരായണൻ കർത്താവ്, നാണു കുട്ടി അമ്മ എന്നിവരുമായിരുന്നു. 1924 ലാണ് നാലാം ക്ലാസ്സ് ആരംഭിച്ചത്. ഇവിടെയുള്ള കെട്ടിടം ഗവ. നിയമങ്ങൾക്ക് അനുകൂലമല്ലാതിരുന്നതിനാൽ 1929ൽ പുതിയ കെട്ടിടം പഴയ സെന്റ്.ജോസഫ്സ് ഹൈസ്ക്കൂൾ. സ്ഥിതി ചെയ്തിടത്ത് പണിത് അവിടെ ഈ വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചു. 1939 ൽ പ്രവർത്തനരഹിതമായി കിടന്ന പഴയ സ്കൂൾ കെട്ടിടം വിപുലപ്പെടുത്തി മലയാളം മീഡിയം സ്ക്കൂളിന് അംഗീകാരം വാങ്ങിക്കുകയും ചെയ്തു. 19-5-1947 ലാണ് 5 -ാം ക്ലാസ്സ് ആരംഭിച്ചത്. ഗവ. നിയമമനുസരിച്ച് 18-10-1947 ൽ ഷിഫ്റ്റ് സിസ്റ്റം ആരംഭിക്കുകയും 5-6-1984 വരെ അതു തുടരുകയും ചെയ്തു. 1948 ൽ സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിന് അനുവാദം കിട്ടിയതിനാൽ 30- 5-1949 ൽ സെന്റ് ആന്റണീസ് എൽ.പി.സ്ക്കൂൾ പഴയ വിദ്യാലയം മലയാള മീഡിയം സ്ക്കൂൾ പ്രവർത്തിച്ചു കൊണ്ടിരുന്ന ഈ കെട്ടിടത്തിലേക്ക് വീണ്ടും മാറ്റുകയും ചെയ്തു. ഇതുവരെയും 28 മാനേജർമാരും ഒരു ഹെഡ്മാസ്റ്ററും 11 ഹെഡ്മിസ്ട്രസ് മാരും ഈ വിദ്യാലയത്തിന്റെ നേതൃനിരയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഓരോ സ്ക്കൂൾ വർഷത്തിലും ബഹുമാനപ്പെട്ട മാനേജരച്ചന്റെ നേതൃത്വത്തിൽ കൂടുന്ന പി ടി എ മീറ്റിംഗിൽ സ്ക്കൂളിന്റെ നല്ല നടത്തിപ്പിനു വേണ്ട തീരുമാനങ്ങൾ എടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നു. ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്നപ്പോൾ 11 ഡിവിഷനുകളിലായി 480 കുട്ടികൾ വരെ ഇവിടെ വിദ്യ നേടിയിട്ടുണ്ട്. പിന്നീട് ഡിവിഷനുകൾ എട്ട് ആക്കുകയും ചെയ്തു. വർഷം തോറും നടത്തുന്ന ശാസ്ത്രമേള, കലാമേള തുടങ്ങിയവയിൽ ഇവിടത്തെ കുട്ടികൾ താങ്കളുടെ കഴിവുകൾ പ്രകടിപ്പിച്ച് സമ്മാനങ്ങൾ കരസ്ഥമാക്കുന്നു പി സി എം സ്കോളർഷിപ്പ്, മാതാ ടാലന്റ് ടെസ്റ്റ് തുടങ്ങിയ നിരവധി മത്സര പരീക്ഷകളിൽ ഇവിടത്തെ കുട്ടികൾ പങ്കെടുക്കുകയും ധാരാളം സമ്മാനങ്ങൾ കരസ്ഥാമാക്കുകയും ചെയ്യുന്നു. കുട്ടികളുടെ സ്വാഭാവരൂപികരണത്തിനും അച്ചടക്കത്തിനും ആയി ആഴ്ചയിൽ എല്ലാ ദിവസവും അസംബ്ളിയും മൂന്നു

Edit with WPS Office

ദിവസം സൻമാർഗ്ഗബോധനവുംനടത്തുന്നു. കഴിഞ്ഞ വർഷം ആഗസ്റ്റ് 8-ാം തീയതി കുട്ടികളിൽ ശുചിത്വബോധവും ലിംഗസമത്വവും നേടുക എന്നതിനെ ലക്ഷ്യമാക്കി ആസ്ട്രേലിയൻ പ്രോജക്റ്റായ ജസ്റ്റ് പ്ലേ സംവിധാനം നടപ്പാക്കി.ഇത് കുട്ടികളിൽ പോസിറ്റീവ് ചിന്തകൾ വളർത്തുന്നതിന് വഴിതെളിച്ചു. ഇവിടെ നിന്നും പഠിച്ചു പോയ പ്രഗത്ഭരായ അനേകം വിദ്യാർത്ഥികളുണ്ട്. ഈ നാടിന്റെയും വിദ്യാലയത്തിന്റെയും പ്രശസ്തി ലോകമെങ്ങും എത്തിച്ചവരിൽ പ്രധാനി പത്മശ്രീ അർജുന അവാർഡു ജേതാവ് ശ്രീ പി.ആർ ശ്രീജേഷാണ്.കൂടാതെ വൈദ്യരത്നം ജോസ് ഊരോത്ത്, ശാസ്ത്രജ്ഞൻ ധനേഷ് തുടങ്ങി പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികളാണ് വിദ്യാലയത്തിന്റെ ഊർജ്ജം. ഈ വിദ്യാലയ ചരിത്രത്തിൽ സുവർണ ലിപികളാൽ രേഖപ്പെടുത്തിയ സുദിനമാണ് 2017 ഓക്ടോബർ 5. CBSC സ്കൂളുകളേയും വെല്ലുന്ന കിഡ്സ് പാർക്ക്, ഓഡിറ്റോറിയം, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് റൂം, Sound System എന്നിവയുടെ ഉദ്ഘാടനം കുന്നത്തുനാട് MLA ബഹു.V Pസജീന്ദ്രൻ സർ നടത്തുകയുണ്ടായി. സ്ക്കൂൾ മാനേജർ പെരിയ. ബഹു .അലക്സ് കാട്ടേഴത്തച്ചന്റെയും സുമനസുകളായ പൂർവ്വ വിദ്യാർത്ഥികളുടെയും ശ്രമഫലമായാണ് ഈ ഭൗതിക സാഹചര്യങ്ങൾ ഇവിടെ രൂപം കൊണ്ടത്. എറണാകുളം ജില്ലയിലെ എയ്ഡഡ് മേഖലയിൽ ഇത്രയും സൗകര്യങ്ങളുള്ള മറ്റ് വിദ്യാലയങ്ങൾ കുറവാണ്. 2018- 19 അധ്യയനവർഷത്തിൽ ഈ വിദ്യാലയത്തിന്റെ മികവുകളിൽ പ്രധാനം എൽ എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ 5 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി എന്നതാണ്. കൂടാതെ അങ്കമാലി- എറണാകുളം അതിരൂപതയുടെ കീഴിൽ നടത്തുന്ന Moral Science Scholarship Examination ൽ കുമാരി നന്മ മറിയം ജോൺസൺ ക്യാഷ് അവാർഡിന് അർഹയാവുകയും ചെയ്തു. കോവിഡ് കാലത്തും മികച്ച ഓൺലൈൻ സംവിധാനങ്ങളൊരുക്കി പഠന പുരോഗതി ഉറപ്പാക്കുന്നതിനും അതുവഴി കുട്ടികളുടെ എണ്ണം കൂട്ടാനും വിദ്യാലയത്തിന് സാധിച്ചു. ഇന്നത്തെ മാനേജർ വെരി. റവ. ഫാദർ ഫ്രാൻസിസ് അരീക്കലിന്റെ നേതൃത്വത്തിൽ ഹെഡ്മിസ്ട്രസ് ശ്രീമതി. ജിജിമോൾ റ്റി. ഇ യുടേയും സഹാധ്യാപകരുടേയും കൂട്ടായ പ്രവർത്തന ഫലമായി വിദ്യാലയം ഇന്ന് മികവിന്റെ നെറുകയിലാണ്. 2022-23 അധ്യയന വർഷത്തിൽ വായന പൂർണിമ ശ്രേഷ്ഠവിദ്യാലയ പുരസ്കാരം ശ്രേഷ്ഠചാര്യ പുരസ്കാരം അക്ഷരചാരുത പുരസ്കാരം എന്നിവ നേടി. 2023- 24, 24-25 അധ്യയനവർഷങ്ങളിൽ ഉപജില്ല ശാസ്ത്രമേള കലാ കായിക മേളകളിൽ വിജയിയും റണ്ണറപ്പുമായി മുൻ നിരയിൽ നിൽക്കാൻ കഴിഞ്ഞു. 2024 - 25 അധ്യയന വർഷത്തിൽ ഹരിതവിദ്യാലയ പുരസ്കാരവും 2025-26 അധ്യയന വർഷത്തില ഗ്രീൻ സ്കൂൾ അവാർഡും നേടി . കൂടാതെ ഇരുന്നൂറ്റിയഞ്ച് കുട്ടികൾ കൈയെഴുത്ത് മാസിക തയാറാക്കി ടാലന്റ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി ദേശീയ ശ്രദ്ധ നേടുകയും ചെയ്തു. വിദ്യാലയത്തിന്റെ മികവിന്റെ വഴികളിൽ നല്ല വാക്കും സഹായവുമായി പ്രവർത്തിക്കുന്ന ഓരോരുത്തരേയും സ്നേഹപൂർവ്വം സ്മരിക്കുകയും ചേർത്തു നിർത്തുകയും ചെയ്യുന്നു.

Edit with WPS Office

# വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ

വിഷയധിഷ്ഠിതലക്ഷ്യങ്ങൾ വിവിധ അക്കാദമിക, പാഠ്യേതര മേഖലകളിലെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു, ഓരോ

മേഖലയിലും വിദ്യാർത്ഥി

കൾ ആർജ്ജിക്കേണ്ടണ്ട ശേഷികളുടെ രൂപരേഖ ചെ യ്യുന്നു.

## 1. ഭാഷവികസനം

ഭാഷ വികസനത്തിനായുള്ള പൊതു

ലക്ഷ്യങ്ങൾ, എല്ലാ കുട്ടികളെയും ആശയപൂർണതയോടെ അർത്ഥമറിഞ്ഞ്

വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക, എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകളുടെ നിലവാരത്തിന് അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക എന്നിവയാണ്

. കുട്ടികളിൽ സാഹിത്യ അഭിരുചി

വളർത്താനും , സർഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും , ആശയങ്ങൾ വിവിധ തരത്തിൽ

ആവിഷ്കരി ക്കുന്നതിനുള്ള കഴിവ്

വികസിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. പഠിതാവിനെ വായനാശീലം ഉള്ളവരാക്കുക

എന്നത് ഒരു പ്രധാന ലക്ഷ്യമാണ്

, ഭാഷാശേഷി വികസനത്തിനായി ആധുനി കസാങ്കേതിക വിദ്യാസാധ്യതകൾ

പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരങ്ങളും ഒരുക്കേണ്ടതാണ്.

Edit with WPS Office

## 2. പരിസരപഠനം

പരിസരപഠനത്തിനായുള്ള പ്രധാന ലക്ഷ്യങ്ങൾ ശാസ്ത്ര താല്പര്യം വളർത്തു ന്നതിനും ശാസ്ത്രാവബോധവും

മനോഭാവവും വികസിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള

അനുഭവങ്ങൾ നൽകു കയും ശാസ്ത്ര പ്രക്രി യാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു . ശാ സ്ത്രത്തിലെ നൂതനാശയങ്ങളി ൽ നിന്ന്

കുട്ടികളെ നിത്യജിവിതബന്ധിയായ പ്രയോജനം നേടാൻ

പ്രാപ്തരാക്കുന്നു.

## 3. ഗണിതം

ഗണിതശാസ്ത്ര ശേഷികളായ അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാഥമികമായ അറിവ് ഉറപ്പാക്കുന്നതിനും

ഗണിതത്തെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഊന്നൽ നല്കിയാണ് ഗണിത പ്രക്രിയകൾ രൂപകല്പനചെയ്തിരിക്കുന്നത്. ഓരോ ക്ലാ സ്സും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണി തശേഷി കൾ അർജ്ജിക്കുന്നുവെന്ന്

ഉറപ്പാക്കുന്നത് പ്രവർത്തനങ്ങളുടെ

വിന്യാസത്തിൽ നിർണായകമാണ്. എല്ലാ കുട്ടികളിലും ഗണിതചിന്ത, യുക്തിചിന്ത, വി ശകലനശേഷി എന്നിവ

വളർത്തുന്നതിലൂടെ വൈജ്ഞാനികവികാസത്തിന് മാസ്റ്റർ പ്ലാൻ

ഊന്നൽ നൽകുന്നു . ഗണിത പഠനത്തിനായി ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി അവസരമൊരുക്കുന്നു.

Edit with WPS Office

## 4. സാമൂഹികാവബോധം

സാമൂഹികാവബോധ മേഖലയിൽ, ജനാധിപത്യവേദികൾ സൃഷ്ടിക്കാനും , സമൂഹത്തിന്റെ പുരോഗതിയിൽ

തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ്

ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാനും ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ

ലക്ഷ്യമിടുന്നു. യുദ്ധവും അക്രമങ്ങളും അവകാശധ്വംസനങ്ങളും ഏറിവരുന്ന ഇന്നത്തെ സാഹചര്യത്തിൽ ജനാധിപത്യ ജീവിത സംസ്കാരം വളർത്തി

യെടുക്കു ന്നതും വിദ്യാഭ്യാസത്തിൽ ഒഴിച്ചു നിർത്താനാവാത്ത ഒരു പ്രധാന കാര്യമാണ്. ഇവ നേടുന്നതിനായി , ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നു.

## 5. ഐ.സി .ടി . സാധ്യത

വിവരസാങ്കേതികവിദ്യ (ICT) ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നിർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെ യ്യുക എന്നതാണ്ലക്ഷ്യം. കുട്ടി കൾക്ക് കമ്പ്യൂട്ടറുകൾ സ്വതന്ത്രമായും നിർഭയമായും ഉപയോഗി ക്കാൻ കഴിയുന്ന ഒരുസാഹചര്യം സൃഷ്ടിക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്. ഇത്ഡിജിറ്റൽ സാക്ഷരതയും ആത്മവിശ്വാസവുംപ്രോത്സാഹിപ്പിക്കുന്നു.

## 6. പ്രവൃത്തി പരിചയം

പ്രവൃത്തിപരിചയ മേഖല എല്ലാ കുട്ടികളിലും നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു.

പാഴ് വസ്തുക്കളിൽ നിന്ന്

പഠനോപകരണങ്ങളോ ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള

Edit with WPS Office

കഴിവ്

വികസിപ്പിക്കുന്നതിലൂടെ വിഭവസമാഹരണ ശേഷിവളർത്തുന്നതിനും ഇത് ഊന്നൽ നൽകുന്നു . പ്രവൃത്തി

പരിചയ പ്രവർത്തനങ്ങളെ മറ്റ്

വിഷയങ്ങളുമായും പഠനമേഖലകളുമായും ബന്ധിപ്പിക്കുന്നതിലൂടെ ഒരു അന്തർവിഷയ ബന്ധം സ്ഥാപിക്കുന്നത്

ഒരു പ്രധാനവശമാണ്

## 7. കലാപരിശീലനം

കലാപരിശീലന ലക്ഷ്യങ്ങളിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുകയും കലാഭിരുചി

വളർത്തുകയും ചെയ്യുക എന്നത്

ഉൾപ്പെടുന്നു . ഓരോ കുട്ടിയുടെയും തനതായ കഴിവ്

വികസിപ്പിക്കുന്നതിന്

അവസരങ്ങൾ നൽകാനും , ആധുനികശാ സ്ത്ര സാങ്കേതികവിദ്യയെ കലാവിദ്യാഭ്യാ സത്തിൽ സമന്വയിപ്പിക്കാനും

ഈ പദ്ധതി ലക്ഷ്യമിടുന്നു. "ഓരോ കുട്ടിയും ഒന്നാമനാണ്

" എന്ന വിശ്വാസം വളർത്തു ന്ന പരിശീലന

പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ്

ഒരു പ്രധാന ലക്ഷ്യം , ഇത്

ആത്മവിശ്വാസവും വ്യക്തിഗത

സാധ്യതകളും പ്രോത്സാഹിപ്പിക്കുന്നു.

## 8.ആരോഗ്യ കായിക വിദ്യാഭ്യാസം

Edit with WPS Office

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ, കുട്ടികളെ അവരുടെ മനസ്സിന്റെ ശക്തിയെ ക്കുറിച്ച്

ബോധവാന്മാരാക്കുകയും

ഏതൊരു ലക്ഷ്യവും നേടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യാനാണ്

ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ

കുട്ടികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുക എന്നത് ഒരു പ്രധാനലക്ഷ്യമാണ്

, ഒപ്പം ആരോഗ്യകരമായ ശീലങ്ങൾ

വളർത്തുകയും ചെയ്യുക. എല്ലാ കുട്ടി കൾക്കും ആരോഗ്യകായിക വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങൾ

നൽകാനും , ക്യാമ്പസി നെ മാലിന്യ മുക്തവും ഹരിതാഭവുമാക്കി പാരിസ്ഥിതിക ആരോഗ്യത്തിന് സംഭാവന

നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

# വിശദമായ പ്രവർത്തന പദ്ധതികൾ

മാസ്റ്റർ പ്ലാനിൽ വിവിധവിഷയങ്ങളിലും മേ ഖലകളിലുമുള്ള വിപുലവും വിശദവുമായ പ്രവർത്തന പദ്ധതി കൾ

ഉൾപ്പെടുന്നു , ഇവയിൽ പേരുകൾ, ഉപമേ ഖലകൾ, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, സാ മ്പത്തിക വിശകലനം ,

സമയപരിധി , ഉത്തരവാദിത്തങ്ങൾ എന്നിവ വ്യക്തമാക്കുന്നു.

## 1. മലയാളം പ്രവർത്തനങ്ങൾ

മലയാളത്തിലെ അടിസ്ഥാനപരമായവി ടവുകൾ നികത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ രൂപകൽപ്പന

Edit with WPS Office

ചെയ്തിരിക്കുന്നു.

1. അമ്മക്കൈ പിടിച്ച് അറിവിലേക്ക് :

എല്ലാ പ്രവൃത്തി ദിവസങ്ങളിലും എത്തുന്ന റീഡിംഗ് കാർഡുകൾ രാവിലെ ക്ലാസ് സമയത്തിന് മുമ്പ് ബോർഡിൽ നിന്ന് കുട്ടികൾ പ്രത്യേക നോട്ട്ബുക്കിൽ പകർത്തി വൈകിട്ട് വായിച്ച് ക്ലാസ് അധ്യാപികയ്ക്ക് voice ഇടുന്നു.

. 2."പുസ്തകപരിചയം

എല്ലാ വെള്ളിയാഴ്ചയും ഒരു പുസ്തകം പരിചയപ്പെടുത്തി കുട്ടികളിൽ സാഹിത്യ അഭിരുചിവളർത്താൻ സഹായിക്കുന്നു.

3. ക്ലാസ്സ് ലൈബ്രറി

എല്ലാ ക്ലാസിലും വായനമൂല എന്നിവ ഒരുക്കി എല്ലാ ക്ലാസ്സുകളിലും ഉച്ചത്തിൽ വായിക്കുന്നതിന് അവസരം നൽകി നല്ല വായനാശീലം വളർത്താൻ ലക്ഷ്യമിടുന്നു. 4.അക്ഷരക്കൂട്ട്

(ബഡ്ഡി ഗ്രൂപ്പ്) വായനയിലൂടെ പിന്നോക്കം നില്ക്കുന്നവരെ വായനയിൽ മുന്നിലെത്തിക്കുന്നു

5.സ്കൂൾ ലൈബ്രറി :

കൃത്യമായ പുതുക്കലിലൂടെ പുസ്തക വൈവിധ്യം സൃഷ്ടിച്ച് വായനയെ കൂടുതൽ പിന്തുണയ്ക്കുന്നു,

6.ക്ലാസ്സ്തല കൈയെഴുത്ത് മാഗസിൻ

സ്വന്തമായി അവതരിപ്പിക്കുന്ന സൃഷ്ടകൾ ഉൾപെടുത്തുന്ന മാസികയിലൂടെ എഴുത്തും ആവിഷ്കാരമികവും വികസിപ്പിക്കുന്നു.

7. സ്കൂൾ ഡിജിറ്റൽ മാഗസിൻ :

മാസത്തിലെയും ക്ലാസ്തലത്തിലെ മികച്ച സർഗത്മക രചനകൾ ഉൾക്കൊള്ളിച്ച് ഡിജിറ്റലായി സ്കൂൾമാസിക തയ്യാറാക്കുന്നു

8.ക്ലാസ്സ്തലപത്രവായന

അസംബ്ലിയിൽ അതത് ക്ലാസുകൾ വാർത്തകൾ അവതരിപ്പിക്കുന്നു.

9. അന്റോണിയൻ ന്യൂസ്:

സ്കൂൾ വാർത്തകളും ക്ലാസ്സ്മുറി

Edit with WPS Office

**വിവരങ്ങളും പങ്കുവെക്കുന്നതിന് എല്ലാ തിങ്കളാഴ്ചയും അന്റോണിയൻ ന്യൂസ് വാർത്താ പ്രക്ഷേപണം .**

10.**പുസ്തക ചങ്ങാത്തം**

**വായിച്ച പുസ്തകങ്ങളെക്കുറിച്ച്**

**വായനാക്കുറിപ്പുകൾ തയ്യാറാക്കാൻ പ്രോ ത്സാഹിപ്പിക്കുന്നു, ഇതിനായി സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ നൽകുന്നു**

11. **സർഗവേള**

**എല്ലാ വെള്ളിയാഴ്ചയും സർഗാത്മക പ്രകടനങ്ങൾക്കായി സർഗവേള വേദികൾ ഒരുക്കുന്നു**

12 . **പാട്ടരങ്ങ്**:

**കുട്ടിക്കവിതകളും ഗാനങ്ങളും പരിചയപ്പെടുന്നതിനായി എല്ലാ ബുധനാഴ്ചയിലും അസംബ്ലിയിൽ പാട്ടരങ്ങ്**

13. **വിജ്ഞാനവേദി**

**എല്ലാ ശനിയാഴ്ചയും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി വിജ്ഞാനവേദി ചോദ്യങ്ങൾ**

14. **ഭാഷാ ടാലന്റ് ലാബ്**.

**സർഗാത്മകശേഷികളിൽ മികച്ച പ്രകടനം നടത്തുന്ന കുട്ടികളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ടാലന്റ് ലാബ്**

## 2. **ഇംഗ്ലീഷ് പ്രവർത്തനങ്ങൾ**:

**മലയാളപഠനം പോലെ തന്നെ പ്രധാനപ്പെട്ടതാണ് ഇംഗ്ലീഷ് പഠനവും .ഇംഗ്ലീഷ് ഭാഷാപ്രവർത്തനങ്ങൾ പ്രായോഗിക ഭാഷാ ഉപയോഗത്തിനും വിഭവ നിർമ്മാണത്തിനും വേണ്ടിയാണ്**

**രൂപകൽപ്പന ചെയ്തിരിക്കുന്നത്**

1. **ഇംഗ്ലീഷ് റീഡിംഗ് കാർഡ്** :

**എല്ലാ പ്രവൃത്തി ദിവസവും റീഡിംഗ് കാർഡുകൾ രാവിലെ ക്ലാസ് തുടങ്ങുന്നതിന് മുമ്പ് പ്രത്യേക നോട്ട്ബുക്കിൽ പകർത്തി ക്ലാസ് ടീചർക്ക്** voice **ഇടുന്നു.**

Edit with WPS Office

2. ഇംഗ്ലീഷ്അസംബ്ലി :

കുട്ടികൾക്ക് എല്ലാ ആഴ്ചയും ഒരു ദിവസം

അസംബ്ലി പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു , ഇത് പ്രായോഗിക ആശയവിനിമയ ശേഷികൾ വളർത്തുന്നു .

3. ഇംഗ്ലീഷ്ഡയറി

വീട്ടിലെയും സ്കൂളിലെയും

അനുഭവങ്ങൾ ഇംഗ്ലീഷിൽ രേഖപ്പെടുത്തി ക്കൊണ്ട് ഇംഗ്ലീഷ് ഡയറി എഴുത്ത്

പ്രോത്സാഹിപ്പിക്കുന്നു.

4. ഇംഗ്ലീഷ് ബുള്ളറ്റിൻ

മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് വാർത്താ ബുള്ളറ്റിൻ

5. സർഗാത്മക പ്രവർത്തനങ്ങൾ

പരിസ്ഥിതി (ജൂൺ), ചന്ദ്രൻ (ജൂലൈ ),

സ്വാതന്ത്ര്യദിനം (ഓഗസ്റ്റ്

), ഓണം (സെപ്റ്റംബർ), ഗാന്ധി ജയന്തി (ഒക്ടോബർ), കേരളപ്പിറവി (നവംബർ), ക്രി സ്മസ്

(ഡിസംബർ), പുതുവർഷം (ജനുവരി ) എന്നി ങ്ങനെ യുള്ള വി വി ധ പ്രതി മാ സ വി ഷയങ്ങളി ൽ ആവി ഷ്കാ രം

പ്രോ ത്സാ ഹി പ്പി ക്കുന്നു.

6. റീഡിംഗ് കാർഡ് വർക്ക്ഷോപ്പ്

ഇതുവഴി വിഭവ നിർമ്മാണവും അധ്യാപക വിദ്യാർത്ഥി ശാക്തീകരണവും

സാധ്യമാക്കുന്നു, ഇത്

എൽ.പി . വിഭാഗത്തിലെ എല്ലാ ക്ലാസുകളിലേയും കുട്ടികളെ ഇംഗ്ലീഷ്

വായനാസാമഗ്രികൾ നിർമ്മിക്കുന്നതിൽ

ഉൾപ്പെടുത്തുന്നു .

7. വർക്ക്ഷീറ്റ് വർക്ക്ഷോപ്പ്

Edit with WPS Office

അധ്യാപകരെ വിവിധ തലങ്ങളിലുള്ള

കുട്ടികൾക്കായി

വ്യത്യസ്ത വർക്ക്ഷീറ്റുകൾ തയാറാക്കാൻ പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ സഹായിക്കുന്നു. ഇത്

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്

പ്രാവീണ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണം എളുപ്പമാക്കുന്നു.

8. റീഡേഴ്സ് തീയറ്റർ :

വായിച്ച ഇംഗ്ലീഷ്പ കഥകൾ റീഡേഴ്സ് തീയറ്ററിലൂടെ അവതരിപ്പിക്കുന്നു.

## 3. ഗണിതപ്രവർത്തനങ്ങൾ

ഗണിതശാസ്ത്ര പ്രവർത്തനങ്ങൾ പ്രധാനമായും അടിസ്ഥാനപഠനം , വിലയിരുത്തൽ, പരിഹാരം എന്നി വ

മെച്ചപ്പെടുത്തുന്നതിനായി ക്രമീകരിച്ചിരി ക്കുന്നു.

1. ഗണിത വർക്ക്ഷോപ്പ്

എല്ലാ ക്ലാസ്സുകളിലെയും എല്ലാ വിദ്യാർത്ഥികളും പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ശേഷികൾ നേടുന്നുവെന്ന്

ഉറപ്പാക്കാൻ ഓരോ യൂണിറ്റുകൾക്കായും വർക്ക്ഷീറ്റുകൾ തയ്യാറാക്കാൻ ലക്ഷ്യമിടുന്നു.

2. ഗണിത ലാബ് (ഗണിത മധുരം )

ഗണിതാശയങ്ങളുമായി സ്വതന്ത്രമായി ഇടപഴകാൻ ഒരു പ്രത്യേക ഇടം ക്ലാസിൽ ഒരുക്കുന്നു .

3.ഗണിതമൂല:

മഞ്ചാടി , ഗെയിംനോട്ടുകൾ, കാർഡുകൾ തുടങ്ങിയ വിഭവങ്ങളോടെ എല്ലാ

ക്ലാസ്സുകളിലും ഗണിത കോർണറുകൾ ഒരുക്കുന്നു

4. യൂണിറ്റ് വിലയിരുത്തൽ

Edit with WPS Office

ആശയപരമായ ധാരണ ഉറപ്പാക്കുകയും ഓരോ യൂണിറ്റിന്റെയും അവസാനം പരിഹാര പഠനം ഉൾപ്പെടുത്തു കയും ചെ യ്യുന്നു.

5. ഗണിതം മധുരം

ഗണി തത്തിൽ പിന്നോക്കം നിൽക്കുന്ന വി ദ്യാർത്ഥികൾക്കായി പ്രത്യേക പഠനപരിപാടികൾ, ക്യാമ്പുകൾ, വർക്ക്ഷോ പ്പുകൾ എന്നിവ ആസൂത്രണം ചെയ്യുന്നു, ഇത് ഈ വിഷയത്തിലെ

നൈപുണ്യ വിടവുകൾ നേരിട്ട്

അഭിസംബോധന ചെയ്യുന്നു.

## 4. പരിസരപഠനം പ്രവർത്തനങ്ങൾ

1.ലിറ്റിൽ സൈന്റിസ്റ്റ്

(പരീക്ഷണ ശില്പശാല) ഓരോ ക്ലാസ്സിനും അനുയോജ്യമായ പ്രായോഗിക നിരീക്ഷണ പ്രവർത്തനങ്ങളും ശില്പശാലകളും സം ഘടി പ്പിക്കുന്നു, ഇത് ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നു.

2. എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്

ഊന്നൽ നൽകുന്നു , ഇത്

ശാസ്ത്രീയ അവബോധവും മനോഭാവവും വളർത്താൻ ലക്ഷ്യമിടുന്നു,

രേഖപ്പെടുത്തലിന്റെ പ്രാധാന്യം എടുത്തു കാ ണിക്കുന്ന പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു.

3. പരീക്ഷണ കിറ്റ്

എല്ലാ ക്ലാസ്സിലെയും

വിദ്യാർത്ഥികൾക്ക് ശാസ്ത്ര പരീക്ഷണങ്ങൾ

നടത്തുന്നതിന് ആവശ്യമായ സാമഗ്രികൾ ശേഖരിച്ച് കിറ്റുകൾ തയ്യാറാക്കുന്നു.

4 . പരീക്ഷണവേള :

Edit with WPS Office

കുട്ടികൾ അസംബ്ലിയിൽ ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു

5. ശാസ്ത്രോത്സവം

പഠനോത്സവത്തിന്റെ ഭാഗമായി ലഘുപരീക്ഷണങ്ങളും പരീക്ഷണക്കുറിപ്പ് അവതരണങ്ങളും മറ്റ് ശാസ്ത്ര അവതരണങ്ങളും നടത്തുന്നു

## 5. സാമൂഹികാവബോധ പ്രവർത്തനങ്ങൾ:

സാമൂഹിക പങ്കാളിത്തത്തിലും ലോകപരിചയത്തിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു.

1 .അതിഥിയെ പരിചയം :

പ്രാദേശിക എഴുത്തുകാർ , കർഷകർ , വ്യവസായികൾ , ആരോഗ്യപ്രവർത്തകർ , വായനശാല പ്രവർത്തർ തുടങ്ങിയവരുമായി അഭിമുഖങ്ങൾ നടത്താനും

സാമൂഹിക അറി വ്

നേടുന്നതിനായി ക്ലാസ്സ്

തലത്തിൽ ചർച്ചകൾ / സംവാദങ്ങൾ സംഘടിപ്പിക്കാനും

സഹായിക്കുന്നു.

2. പ്രാദേശിക ചരിത്രരചന

ശില്പശാലകളിലൂടെ പ്രാദേശിക ചരിത്രത്തെ ക്കുറിച്ച് ഗവേഷണം ചെയ്യാൻ പ്രോത്സാഹി പ്പിക്കുന്നു, ഇത്

പ്രദേശത്തിന്റെ സാംസ്കാരിക തനിമ മനസ്സിലാക്കാനും

സംരക്ഷിക്കാനും ലക്ഷ്യമിടുന്നു.

3. ഫീൽഡ്ട്രിപ്പ്

പോലീസ്സ്റ്റേഷൻ, പോസ്റ്റ്ഓഫീസ്,പഞ്ചായത്ത്, വില്ലേജ് ഓഫീസ്, ആശുപത്രി ,കൃഷിഭവൻ , വായനശാല , ഫയർ സ്റ്റേഷൻ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലേക്ക്

സന്ദർശനങ്ങൾ സംഘടിപ്പിക്കുന്നു, ഇത്

Edit with WPS Office

വിദ്യാർത്ഥികളെ സമൂഹത്തിൽ അവയുടെ പ്രാധാന്യവും പ്രവർത്തനവും മനസിലാക്കാൻ സഹായിക്കുന്നു.

## 6.ഐ.സി .ടി . പ്രവർത്തനങ്ങൾ

ഐ.സി .ടി . പ്രവർത്തനങ്ങൾ അധ്യാപക ശാക്തീകരണവും വിദ്യാർത്ഥി

കളുടെ കമ്പ്യൂട്ടർ പരിജ്ഞാനവും

മെച്ചപ്പെ ടുത്തുന്നതി നാ ണ്

രൂപകൽപ്പന ചെയ്തിരിക്കുന്നത് ഇതുവഴി പഠനം കൂടുതൽ തെളിമയും താല്പര്യവുമുള്ളതായിത്തീരുന്നു.

## 7. പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

നൈപുണ്യ വികസനം , ഉൽപന്ന നിർമ്മാണം , സർഗാത്മക കരകൗശലം

എന്നിവയെ അടിസ്ഥാനമാക്കിയാണ്

ക്രമീകരിച്ചിരിക്കുന്നത്

1. പ്രവൃത്തി പരിചയ ശില്പശാല :

ചന്ദനത്തിരി , പാവകൾ, ചോക്ക്

തുടങ്ങി 10 പ്രവൃത്തി പരിചയ വിഭാഗങ്ങളിൽ കുട്ടികൾക്ക് പരിശീ ലനം

നൽകുന്നു , ഇത്

എല്ലാ കുട്ടികളിലും നിർമ്മാണ കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു.

2. ഒറിഗാമി ശില്പശാല :

അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒറിഗാമി പരിശീലനം നൽകുകയും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട

Edit with WPS Office

നിർമ്മാണ പ്രവർത്തനങ്ങളെ പി ന്തുണയ്ക്കുകയും ചെ യ്യുന്നു.

## 8. കലാപരിശീലന പ്രവർത്തനങ്ങൾ

കലാപ്രകടന വേദികളിലെ കഴിവ്

പരിപോഷിപ്പിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു.

1. സർഗവേദി

വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രതിവാര സർഗാത്മക

സെഷനുകൾ നടത്തുന്നു, ഇത്

കലാഭിരുചി വളർത്തുകയും സർഗാത്മക കഴിവുകൾ കണ്ടെത്തുകയും ചെയ്യുന്നു.

2. പ്രകടനവേദികൾ

സ്കൂൾ റേഡിയോ സ്റ്റേഷൻ,

, സ്കൂൾ ചാനൽ എന്നി വവിദ്യാർത്ഥി

കളുടെ പ്രകടനത്തിനുള്ള വേദികളായി മാറുന്നു

3. ഓരോ കുട്ടിയും ഒന്നാമൻ

ഇതിൽ  സംഗീതം , നൃത്തം , ചിത്രരചന, എഴുത്ത്, അഭിനയം , ഫോട്ടോഗ്രാഫി ,

തുടങ്ങി വിവിധ ഇനങ്ങളിൽ കുട്ടിയുടെ ശേഷി കണ്ടെത്തി പരിശീലനം

നൽകുന്നു , ഇത് വ്യക്തിഗത കഴി വ്

വികസിപ്പിക്കുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും ഏതെങ്കിലും ഒരു മേഖലയിൽ താൻ ഒന്നാമനെന്ന ബോധം കുട്ടിയിൽ ജനിപ്പിക്കുകയും ചെയ്യുന്നു

## 9. കായിക വിദ്യാഭ്യാസം

Edit with WPS Office

1. സ്പോർട്സ് ക്ലബ്ബ്

പി .ടി . പിരീഡുകളിൽ ശാരീരിക

വ്യായാമങ്ങൾക്കും ഗെയിമുകൾക്കും സുംബ തുടങ്ങിയ നൃത്ത വ്യായാമങ്ങൾക്കും ക്ലാസ്സ്അധ്യാപകർ പരിശീലനം നൽകുന്നതി

ലൂടെയും കായിക മത്സരങ്ങളും ക്യാമ്പുകളും സംഘടിപ്പിക്കുന്നതിലൂടെയും കായികശാക്തീകരണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. എല്ലാ കുട്ടികൾക്കും ആരോഗ്യകായികവിദ്യാഭ്യാസത്തി ന്

അവസരങ്ങൾ ലഭി ക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

Edit with WPS Office

# പ്രവർത്തന കലണ്ടർ

| പ്രവർത്തനം | കാലയളവ് |
|---|---|
| 1. അമ്മക്കൈപിടിച്ച് അറിവിലേക്ക്<br>2. പാട്ടരങ്ങ്<br>3. റീഡേഴ്സ് തീയറ്റർ<br>4. സചിത്ര പുസ്തകം<br>5. സംയുക്ത ഡയറി<br>6. കൈയെഴുത്തു മാസിക<br>7. രചനോത്സവം<br>8. ഭാഷോത്സവം<br>9. ഗണിതോത്സവം<br>10. വായന വസന്തം<br>11. ശാസ്ത്രോത്സവം<br>12. അൻറോണിയൻ ന്യൂസ്<br>13. നേരറിയാൻ നേരെ അറിയാൻ<br>14. പുസ്തക പരിചയം<br>15. മധുരം മലയാളം<br>16. വിജ്ഞാനവേദി<br>17. സ്കൂൾ മാഗസിൻ<br>18.ദിനാചരണങ്ങൾ | ജൂൺ<br>മുതൽ<br>മാർച്ച്<br>വരെ |

Edit with WPS Office

# നിരീക്ഷണവും ഉത്തരവാദിത്തങ്ങളും

മാസ്റ്റർ പ്ലാൻ നിരീക്ഷണത്തിനായി വ്യക്തമായ ഒരു ഘടനയും അതിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായിനടപ്പാക്കുന്നതിന്

പ്രത്യേക ഉത്തരവാദിത്തങ്ങളും രൂപരേഖ ചെയ്യുന്നു.

ഹെഡ്മിസ്ട്രസ്, പി .ടി .എ. പ്രസിഡന്റ്

, എം .ടി .എ. പ്രസിഡന്റ്

, എസ്.ആർ.ജി.കൺവീനർ എന്നിവരുൾപ്പെ ടെയുള്ള പ്രധാന ഭരണപരമായ റോളുകൾ നിരീക്ഷണ ഘടനയിൽ ഉൾപ്പെടുന്നു .

പ്രവർത്തനങ്ങളുടെ പുരോഗതിയുടെ പതിവ്

മേൽനോട്ടം ഉറപ്പാക്കിക്കൊണ്ട്

, അവലോകനങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചു.

ഓരോ വിഷയമേഖലയ്ക്കുമുള്ള ഉത്തരവാ ദിത്വങ്ങൾ അധ്യാപകർക്ക് വിഭജിച്ച് നല്കിയിട്ടുണ്ട്

- മലയാ ളം : ജിതേഷ് എൻ. എസ്
- ഇം ഗ്ലീ ഷ് : സാനിമ റ്റാലി
- പരിസര പഠനം : ജൂബി പോൾ
- ഗണിതം : പ്രിസിയ ഫ്രാൻസിസ്
- ഐ.ടി .: രൂപ റോസ്
- കല: അനുലക്ഷ്മി ആർ
- കായികം : അർവിന്ദ് ആർ
- പ്രവൃത്തി പരിചയം : സിസ്റ്റർ. നവ്യ ഗ്രേയസ്

പ്രവർത്തനങ്ങളുടെ ഏകോപനം ഹെഡ്മിസ്ട്രസ് , പി.റ്റി. എപ്രസിഡന്റ്

എന്നിവർ  ചെയ്യുന്നു,

Edit with WPS Office